പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1544 12-06-2019-ലെ മറുപടിയ്ക്ക്

## കർഷക ആത്മഹത്യ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ആകെ എത്ര കർഷകർ ആത്മഹത്യചെയ്തു എന്നറിയിക്കുമോ ; | **(എ)** | 15 കർഷകർ ആത്മഹത്യ ചെയ്തുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ആത്മഹത്യകൾ കർഷക ആത്മഹത്യയുടെ നിർവ്വചനത്തിൽപ്പെടുന്നതല്ല. കർഷകർ എടുത്തിട്ടുള്ള കാർഷികേതര വായ്പകളിൻമേലുള്ള ജപ്തി നടപടികളെ തുടർന്നാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്. |
| **(ബി)** | 2019 ജനുവരി 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്നും ഇടുക്കി ജില്ലയിൽ എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്നും വെളിപ്പെടുത്തുമോ; | **(ബി)** | 12 കർഷകർ ആത്മഹത്യ ചെയ്തതിൽ 10 പേർ ഇടുക്കി ജില്ലയിലാണ്. |
| **(സി)** | സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന കർഷക ആത്മഹത്യകൾക്ക് കാരണമെന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം ആത്മഹത്യകൾ തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നല്കുമോ? | **(സി)** | പ്രളയാനന്തരം കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രളയം മൂലം വീടും, ജംഗമ വസ്തുക്കളും, കൃഷിയും നശിച്ചുപോയതിലുള്ള മാനസിക വിഷമവും, ബാങ്ക് ലോണുകൾ യഥാ സമയം തിരിച്ചടയ്ക്കാൻ കഴിയാതെ വന്നതും അതിനെ തുടർന്ന് ജപ്തി നടപടികൾ അഭിമുഖീകരിക്കേണ്ടി വന്നതും ആത്മഹത്യയ്ക്ക് കാരണമായെന്ന് കരുതുന്നു.<br>കർഷക കടാശ്വാസ കമ്മീഷൻ മുഖേന ആനുകൂല്യം നൽകുന്ന കാർഷിക വായ്പകളുടെ കാലാവധി ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയും മറ്റു ജില്ലകളിൽ 2014 മാർച്ച് 31 വരെയും ദീർഘിപ്പിക്കുവാനും കർഷക കടാശ്വാസ കമ്മീഷൻ 50,000/- രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടു ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയായി വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട് (രണ്ടു ലക്ഷം രൂപ വരെയുള്ള കാർഷിക കടം എഴുതിത്തള്ളുന്നതിനു തുല്യമായ തീരുമാനമാണിത്). കൂടാതെ കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ കൂടി ഉൾപ്പെടുത്താമോ എന്ന വിഷയം പരിശോധിക്കുവാൻ കൃഷി, ആസൂത്രണ-സാമ്പത്തിക കാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് ദീർഘകാല വിളകൾക്ക് പുതുതായി അനുവദിക്കുന്ന വായ്പകളുടെ പലിശ, ലോൺ അനുവദിക്കുന്നത് മുതൽ ഒരു വർഷത്തേക്ക് നബാർഡ് മാതൃകയിൽ 9% വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്.<br><br>2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ്, ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**